# ഉടുപ്പിൽ മറന്നു പോയ പെൻസിൽ

ഹാരിസ് എടവന



ഗസ്സ...
കരയില്ല
കരളലിയിക്കുന്ന കാഴ്ചകളിൽ
തളരില്ല
പോർവിമാനങ്ങൾ
തീമഴ പെയ്യിക്കുമ്പോൾ
മാലാഖമാരുടെ ചിറകിലേറി
സ്വർഗത്തിലേക്കു പറക്കുന്ന കുഞ്ഞുങ്ങൾ
ഉടുപ്പിൽ മറന്നുപോയ പെൻസിലിനെ
പറ്റിയാണോ പറയുന്നത്?

ഗസ്സ....
വെളുത്ത വീട്ടിലെ
യജമാനനു മനുഷ്യമാംസം
ചേർത്തത്താഴമൊരുക്കാൻ
കുരച്ചു വരുന്നു വേട്ടനായ്ക്കൾ...
കുഞ്ഞു തലയോട്ടികൊണ്ട്
ജൂതന്റെ കുട്ടിക്കു കളിപ്പാട്ടം വേണമത്രെ
ക്രൂരമൗനം കൊണ്ടോശാന പാടുന്നവർ
പറയുന്നുണ്ട്
എലി പൂച്ച കളിയേക്കാൾ രസമാണത്രെ
ഈ പൊള്ളിപ്പിടയലും
ആർത്തനാദങ്ങളും.

ഗസ്സ
നീ പറഞ്ഞില്ലേ
മണ്ണില്ലാത്തവന്റെ
മാനവും പ്രതിരോധവും
അപരാധമെന്ന്...

ഗസ്സ...
മരിച്ചുപോയ ഓരോ കുഞ്ഞും
ഉയിർത്തെഴുന്നേൽക്കും
തെൽഅവീവിലെ തെരുവുകളിലേക്കു
തീക്കല്ലുകൾ എറിയും
തീക്കല്ലു വീഴുന്നിടമൊക്കെ
നിനക്കധീനപ്പെടും
നിന്റെ പ്രഭാതങ്ങളിൽ
അത്തിമരം പൂക്കും
ഒലീവു ചില്ലകൾ തളിർക്കും
ജറൂസലമിലെ ഭവനങ്ങളിൽ
ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾക്കു
നിന്റെ പെൺമക്കൾ മുലയൂട്ടും
ആൺമക്കളവരെ
ഹൃദയത്തോടു ചേർക്കും...
വിമോചിക്കപ്പെട്ടവർ
അതിർത്തിതീർക്കില്ല...

ഗസ്സ...
നിന്റെ കുഞ്ഞുങ്ങൾ
ശലഭങ്ങളെപ്പോലെ സ്വർഗത്തിൽ... ■